**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Seeram Sambasiva Rao IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - മുൻ പഞ്ചായത്ത് വകുപ്പ് - അസിസ്റ്റന്റ് സെക്രട്ടറി ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - സ്ഥാനക്കയറ്റം പരിത്യജിച്ചുകൊണ്ടുള്ള അപേക്ഷ അംഗീകരിച്ചും പകരം ജീവനക്കാരിക്ക് സ്ഥാനക്കയറ്റം അനുവദിച്ചും ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ LSGD/62/2023-DEB1-Part(1) തീയതി: 05-01-2025**

പരാമർശം:
1) ഈ കാര്യാലയത്തിലെ 21.12.2024-ലെ ഇതേ നമ്പർ ഉത്തരവ്
2) കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 25.11.2024-ലെ LSGD/JD/KLM/9185/2024-A4 നമ്പർ കത്ത്
3) പഞ്ചായത്ത് ഡയറക്ടറുടെ 01.07.2019-ലെ ഇ3/27043/2018 നമ്പർ ഉത്തരവ്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റൻ്റ് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/ജോയിന്റ് ബി.ഡി.ഒ / തത്തുല്യ തസ്തികകളിൽ മുൻ പഞ്ചായത്ത് വകുപ്പിന്റെ കേഡർ സ്ട്രെംഗ്‌തിൽ ഉണ്ടായ ഒഴിവുകളിലേക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്നവരും മുൻ പഞ്ചായത്ത് വകുപ്പിൽ ജീവനക്കാരുമായിരുന്ന ഹെഡ്ക്ലാർക്കുമാർക്ക് അസിസ്റ്റന്റ് സെക്രട്ടറി, ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ക്രമ നമ്പർ 21, സീനിയോറിറ്റി നമ്പർ 3826 ആയ ശ്രീ. അജയ് പ്രാൺ. ബി എന്നവർ 20.11.2024 മുതൽ ഒരു വർഷത്തേക്ക് സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് 25.11.2024-ൽ ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതുമാണ്. പരാമർശം (2) അപേക്ഷ മേൽ സ്ഥാനക്കയറ്റ ഉത്തരവ് തീയതിക്ക് മുൻപ് ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ. അജയ് പ്രാൺ. ബി യുടെ സ്ഥാനക്കയറ്റം പരിത്യജിക്കുന്നതിനുള്ള അപേക്ഷ അംഗീകരിച്ചുകൊണ്ടും ടിയാന് നൽകിയ സ്ഥാനക്കയറ്റം റദ്ദ് ചെയ്തും പകരം പരാമർശം (3) സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി നമ്പർ 3839 ആയ ശ്രീമതി.ബിന്ദിഷ ജി. എസ്-ന് 43400-91200 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് സെക്രട്ടറി, ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻ കാറ്റഗറിയിലേക്ക് ചുവടെ പറയും പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു.

| Sl No. | Seniority No. | Name, PEN & Current Office | Allotted Station |
|---|---|---|---|
| 1 | 3839 | Bindisha G S, 574925, Nochad Grama Panchayat, Kozhikode | Chokkad Grama Panchayat,Malappuram |

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥയെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ഉടൻ വിടുതൽ ചെയ്യേണ്ടതും വിവരം ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് ആഫീസുകളിലും അറിയിക്കേണ്ടതാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്:
1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേധാവി മുഖാന്തിരം)
2. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
4. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Dinesan Cheruvat
Date: 05-01-2025 13:21:56